Rehearsals are proceeding for performances, on the College Day, of Charvarthan and "Hassan" by James Elroy Flecker: with what result will be seen on November 5th.

---

## The Athletic Club

So far arrangements have only been made for football, volley and badminton. As soon as the monsoon is over tennis will be begun.

The following office-bearers have been elected.

| | | |
|---|---|---|
| *Football.* | Senior club. | A. G. George (Capt.) |
| | | P. K. Narayana Pillay (Sec.) |
| | Junior club. | K. G. Verghese (Capt.) |
| | | V. E. Andrew (Sec.) |
| *Volley.* | Senior club. | K. O. Varkki (Capt) |
| | | V. K. Verghese (Sec.) |
| | Junior club. | V. C. John (Capt.) |
| | | I. K. Oomen (Sec.) |
| *Badminton.* | Senior club. | Fenn Cherian (Capt.) |
| | | N. V. Bhaskaren (Sec.) |
| | Junior club. | K. M. Matthew (Capt.) |
| | | K. C. Matthew (Sec.) |

It will be noticed that this year the different clubs have been divided into junior and senior sections.

## Simplified Spelling

A report of a meeting of 'The Simplified Spelling Society' has come to hand, and we print below the opening address by Prof. Gilbert Murray. This should be of interest in a country which has elected to have English as the medium of instruction in its educational system. One imagines that the vagaries of spelling in that language must prove even more baffling to Indian boys than they do to English ones. There would seem to be, even in the most revolutionary-minded of men, a deep strain of conservatism. One may talk gleefully of defying conventions; of doing away with governments and peerages and private ownership and stiff collars and what not; and yet one finds oneself shuddering with horror at the thought of spelling colour 'color' or, worse, Phyllis, 'Filis,' despite the obvious saving of time and trouble that would result from it.

This innate conservatism would seem to be at once the tragedy and the salvation of man—the tragedy because it means that progress can only be won in the teeth of a great wall of unreasoning, stolid opposition—the salvation because it prevents sudden and ill-thought-out changes from being put into practice before the world is ready for them. Not so very long ago it was thought most indelicate and immodest that a lady should ride a bicycle, for no reason except that up to that time they hadn't ridden them. Now, in the West, ladies on bicycles are accepted as unsurprisedly as men on bicycles. And yet, if there weren't such a weight of conservative opinion as this, the whole continuity and evolution of our national life would be spoiled by the sudden and devastating changes that would, from time to time, be brought in.

Of course simplified spelling is good; and of course we ought to get over our silly prejudices about it—still—but let us leave it at still.

*Chairman, Ladies and Gentlemen.* It is a long time since your unworthy Chairman has had the pleasure of addressing a meeting of the Simplified Spelling Society. I feel all the more grateful to some that I see around me, who have been keeping the flag flying during these recent years.

As you know, we have a petition which is now about to be sent to the Prime Minister to ask the Government what I think we have asked them before, to appoint some sort of body — we do not say a Royal Commission — but some sort of learned and effective and authoritative Committee to inquire into the great problem with which the Simplified Spelling Society is concerned. We have drawn up, as you all know, a sort of experimental scheme of spelling to see how far, with the existing alphabet, with no new letters, we can express a standard phonetic pronunciation. None of us claim that our scheme is perfect, but I think we do feel that we have called attention to a subject that is of great importance both as a scientific problem and as a problem of practical politics.

I want to say a word about it merely as a scientific problem. Mankind in the very earliest times seem to have discovered two ways of communicating ideas, one appealing to the eye and one appealing to the ear. You could communicate ideas either by making certain sounds with your

voice — from that you get language — or by making certain signs or marks on some material — from that you get, first picturegraphs, and eventually alphabetical writing.

The simplest form of the appeal to the eye was picture writing, or writing by ideogram; that is to say, that you have a picture, not a complete picture but a conventionalised picture, of every idea that you wish to express. We can see the traces of that in our alphabet, in which the letter A, for instance, is still a very reasonably good respresentation, at any rate judged by the standards of the most modern art, of the head of a cow with the horns sticking out. One interesting thing about that form of writing is that certain great authorities, for instance, Sir Arthur Evans, actually throws out the idea that that way of communicating, by marks or signs, may have been earlier than the invention of language. The chief argument he uses is that the Red Indians of North America have a system of picture writing which goes all through the Continent, although their various languages are entirely distinct and seem to be of more recent origin.

Something, very similar, of course, is the case in the Chinese Empire. There the people from one province cannot understand in the least the speakers from a distant province, but the writing is perfectly intelligible all through. If you wish to represent the word "father," you have a sign that indicates a man, and then in order to distinguish fathers from other men, the man holds a stick up in his hand. All the parents present will realise how characteristic that attitude is.

The difficulty about ideograms, or pure picture-writing, is chiefly the enormous number of signs that are wanted in order to convey ideas. I am told that a moderately well-educated Chinaman has to know 20,000 signs. Just think of the labour involved in that.

Then comes the second period, in which you are using your comparatively limited number of ideograms to express more ideas than there are pictures for, and there a phonetic system begins to come in which is extraordinarily complicated. A given ideogram may denote several different ideas: further, it is used phonetically to express the first syllable of the sound denoting those ideas. Thus, for instance, a particular cuneiform sign denotes *matu* (land) and *shadu* (mountain); and also the syllables mat, shad, and various others as they occur in longer words.

The next step was to invent a syllabary, viz., a number of signs for the syllables ba, be, bi, bo, bu, and so on. This was an immense improvement, but it still required a very large number of signs, and it was phonetically clumsy. For instance, an ancient King of Cyprus called "Stasikupros" writes his name in the Cyprian syllabary as "Se-ta-si-ke-w.pe-ro-se."

Then seems to have come a curious invention. Some people or other invented an *alphabet*, a real alphabet, but one which only wrote consonants and neglected vowel sounds altogether. An extremely learned friend of mine says he thinks that that alphabet was invented in South Arabia; and part of the reason is that certain tribes in South Arabia pronounce their consonants so violently still, according to him, that their faces are distorted by it.

That gave you a limited number of signs. A great advantage; but the disadvantages were enormous. The system did not represent accurately the phonetic value of words, and it often could not be understood, as we know from modern shorthand.

Then comes the next invention, which had a triumphant success and has dominated civilisation ever since, the invention apparently of the Greeks. They found this consonantal alphabet and found it had a number of consonants they did not want, whereas it had not the vowels which they did want, so they used the superfluous consonants as vowels. That gave us the alphabet we are now using. The alphabet went from Greece to Rome and has dominated Europe.

I call it a wonderful invention for two reasons: because it has been so generally successful; and because at some time it seems as if by means of that phonetic alphabet you did actually for the first time get a moment at which the written and the spoken sign coincided. When you marked the parchment or papyrus the marks meant the same thing as the spoken word.

Of course, that moment did not last, because every language was subject to phonetic development or phonetic decay — we used to call it decay, now we are told to call it development. The pronunciation of words changed more and more, so that the written sign in case after case began no longer to correspond with the spoken word. Then there were two courses obviously that might be taken. No one language adopts one entirely, or the other, but, roughly speaking, an illiterate people is not affected by the written tradition, and when it has to write, it writes the sound that it speaks. A nation with a literary tradition sticks to the written form, and in an uneasy way tries to make its pronunciation more or less agree with the written form. For example, let us take the word for Epiphany in Italian. You had a word written Epiphania, and so pronounced. People gradually got to slur the pronunciation to "Befania," and in modern Italian it is actually written *Befania*. On the contrary in England there was a town originally called *Pontemfractum* (broken bridge). Gradually people began to call it "Pomfret," but they went on writing it Pontefract.

There are all those difficulties with which an ordinary language now is confronted. In English, I think, we have got to a state of confusion that is really rather dangerous. That is to say, that I do not think it an exaggeration when certain foreigners say to me, as they often do, "We can read English, but we do not attempt to speak it, because that is like learning another language." On the other hand you find sometimes that coolies and so on in the East can speak English to a certain extent, but have not the least idea how to read. We are getting to the condition in which to learn English properly, so as to understand the signs written and the sounds spoken, requires a quite extraordinary degree of labour.

That is very important considering the vast world importance of the English language and the great extent of ground over which it is spoken. We ought not to allow the path of the English language to be cumbered by such an enormous and unnecessary difficulty.

If you take the European language, you can put two questions, I think, to each of them The first test is very hard: How far, when you have a word already spoken, can you tell how to spell it? English, French, Greek, Russian would fail hopelessly; Spanish, Italian, and German would squeeze through. The second is a more reasonable question: How far can you tell when you see a word written, how it ought to be pronounced? A good many languages will pass that test; indeed most. Certainly Spanish, Italian, German; on the whole, French, Danish, and Swedish. Will English? Not in the least. What about those words *ought, cough, bough, through*, and so on. Then there is the other instance of the person who was learning "low" and came to "now," calling it "no." They said, "No, that is not right. That is 'now.' To make it 'no' you put a 'k' in front."

The adoption of the phonetic spelling straight off would lead, of course, to great difficulties, chiefly two. It makes a breach of continuity with the past, so that we should either have to translate all our own old books into the new spelling or only educated people would be able to read them. There is another difficulty to which I am inclined to attach rather more importance; that is, that the adoption of a purely phonetic spelling would cut us off from what I may call the continuity of Europe. The culture of Europe is to a very large extent a Latin culture, and through all the languages of Europe there are masses of words which have come down more or less in their Latin form, so that I think the sort of change that is implied in writing the word "naishun" or "rashonal" probably would lead to more trouble than it was worth. We read foreign languages, most of us, a good deal more than we speak them, and it certainly is a considerable facility to everybody to see the words "nation" or "rational" written in the ordinary way. The Frenchman, German, and Englishman all understand at once at sight.

So if there is a practical solution to our problem — and there is no perfect solution — I am not quite sure that it may not be worth seeking for it along the road of on the whole leaving the Latin spellings pretty well as they are. Where there is a recognised European standard form of spelling the word, I think we might accept it, and devote our energies to scrapping what I may call the native spellings. After all, it is in the native words that most of the troubles occur. All those "oughts" and superfluous "k's" mostly occur in the ordinary Anglo-Saxon words, and the loss in simplifying them would be only a moderate one. There would be some loss, but not one that is in any degree comparable to the loss that would be made through rejecting the widely accepted Latin terminations.

I think the culture of Europe, as I said, is on the whole a Latin culture, though, of course, there are very important Nordic or Germanic nations. If the unity of European culture develops, as I think on the whole it is likely to, this country will occupy a very interesting position as a bridge. We are more than any other language, I suppose, a combination of the Latin and Nordic elements, and I am not sure that that is not a fact that should be borne in mind when we are considering the reformation of English spelling.

## Old Students' Notes

A good proportion of our old students are in the Law College undergoing courses in Law, while a few have managed to get work in some grant-in-aid schools and Government offices.

Messrs. M. K. Parameswara Menon and P. R. Parameswaran Pillay are teachers in the N. S. English School at Changanachery.

Mr. A. M. Chandy is at present the headmaster of the English Middle School, Kalloopara, Tiruwalla.

Mr. C. I. Mathai is a teacher in the S. C. Seminary, Tiruwalla.

Mr. K. R. Elenketh is working as the headmaster of an English Middle School, near Trivandrum, belonging to the Nair Service Society.

Mr. P. M. Sikander Sahib is a teacher in a school at Eriyad. He is one of the secretaries of the Kerala Muslim Aikya Samgham.

Messrs. Mathen Mathai and K. Velutha Kochu are employed in the office of the Political Agent to the Governor-General, Trivandrum, and in the Huzur respectively.

Mr. Jacob George is up in Hyderabad working in a Mission school.

Messrs. V. C. Oommen, K. A. Mathew, O. P. Ninan, C. J. Cheriyan, M. K. Parameswara Menon and Dn. K. T. Mathai got married. We are very glad to see them admitted into the ranks of the 'wise men.' Our hearty felicitations and best wishes are with them.

Mr. P. C. Chacko, an old student of our College, has come out in the second class in the recent Honours Examination (History) from the Trivandrum Arts College. We offer our congratulations to him.

* * * *

The problem of unemployment is desperately facing the bulk of our graduates. Our educationists must pause to find out the ways and means of meeting the situation. It is significant to note that many of our graduates are obliged to enter the Law College when they find that their efforts in the scramble for some Government job have not been successful. They hope to spend at least two years in the Law College, by way of respite. We think there is a vast amount of truth in the statement that the discontent bred by unemployment is one of the main causes of the communal strife in our States. Our Government and our public men will be doing their duty by the country if they earnestly address themselves to find out a solution for the problem, which, if neglected, is sure to lead to grave consequences. Our graduates must try to find out independent ways of living, by taking, for instance, to agriculture and other productive industries for which there is abundant scope in our land.

We trust that the alumni of the Union Christian College will prove to be true witnesses in their several walks of life, of the spirit of amity and brotherhood that prevailed within the portals of our College. Their conduct will go a long way to foster understanding and goodwill between the various communities of our country.

Again the sea and air life-laden,
Yellow sands and dream'd mermaiden
Fringe of palm tree'd beech.
Again the water's waste of wildness
Tossing like a Mother childless.—
Incoherent speech

Of a poet musing, sighing,
Seems its moaning, swelling, dying;—
Dim and far away
Are his thoughts, for he is seeing
Faery things that have no being,
And he strains to say,

All of wistfulness and longing,
All the passions that come thronging
To the heart of youth;—
Song of prow through water gliding;
Scent of flowers where love lies hiding;
Blessedness of truth.

And he fails, for life is failing,
Bringing forth poor, plaintive wailing
From his clumsy lute;
Oh his strings are broken, tuneless,
Dark his soul as night that's moonless,—
Dark and maimed and mute.

---

## 'വിശുദ്ധൻ'

(V. C. John, Class I.)

വഞ്ചനക്കു വഴി കാട്ടുന്ന ദു-
ശ്ചിന്ത, വൻകപടമാം പ്രവൃത്തികൾ
ഏവമുള്ളവയിൽ നിന്നൊഴിഞ്ഞവൻ
പൂതജീവിതമതാചരിപ്പവൻ.

ദുർഗ്രഹക്കുഴിയിൽ വീണിടാതെയും
ദുരാധിയിൽ പരിതപിച്ചിടാതെയും
ദോഷമന്യന്നു വരുത്തിടാതെയും
തോഷമോടു നിവസിച്ചിടുന്നവൻ.

ഗുരുവായി മറവാനുയർന്നതാം
ചാരുഗോപുരമതോ ഗൃഹാളിയോ-
വൈരിനിഗ്രഹമതിന്നു ഖഡ്ഗമോ
വേണമെന്നു കരുതാതിരിപ്പവൻ.

ഹാ ഭയപ്രദ മഹാദ്രിദേശവും
ഉന്നതോഗ്രത കലർന്നൊരാഴിയും
നിർഭയാക്ഷിയതുകൊണ്ടു നിത്യവും
കമ്പമെന്നിയെ തെളിഞ്ഞു കാണ്മവൻ.

ശോകമാമൊരു യകലത്തകററിയും
സൽഗതിക്കു സവിലാക്കു നോക്കിയും
സാദ്ഗുണ്യചിന്ത ഏദയത്തിലാക്കിയും
വാണിടുന്നവനത്രെ ഭാഗ്യവാൻ.

നല്ലചിന്തകൾ വന്ന മിത്രമാം
നല്ല ജീവിതമെവന്നു വിത്തമാം.
വിശ്രമിക്കുമതിന്നുള്ള സത്രമാം
പാരവന്നു പവിത്രമന്ദിരമാം.

---

## ഓം

## വീരപൂജ

(G. K. PISHARODI, Class II)

'ചെത്സി'യിലെ ഋഷിവര്യനെന്ന് പ്രസിദ്ധനായിത്തീർന്ന കാർലൈൽ 'വീരപൂജ' (Hero worship) എന്ന വിഷയത്തെപ്പററി ഗഹനമായ ഒരു പ്രബന്ധം നിർമ്മിച്ചിട്ടുണ്ട്. ആംഗ്ലേയരുടെ ഇടയിൽ അസ്തംഗതപ്രായമായിരുന്ന ഈ വിശ്വാസത്തെ പുനരുദ്ധാരണം ചെയ്ത്, കാലാന്തരത്തിൽ നാശോന്മുഖമാകാത്തവിധം സുസ്ഥാപിതമാക്കിയത് ഈ മഹൽഗ്രന്ഥമാണ്. ചരിത്രപാരായണപരായണന്മാർ വീരപൂജാതല്പരന്മാരല്ലെങ്കിൽ അവരുടെ പൂർവ്വകാലസ്ഥിതിജ്ഞാനം നിരുപയോഗപ്രദമാണെന്ന് നിസ്സംശയം പറയാം. ദുഷ്പ്രവൃത്തികളെ അവഹേളനം ചെയ്യുന്നവർ സൽപ്രവൃത്തികളെ കൊണ്ടാടേണ്ടതാണല്ലോ. ഉൽക്കൃഷ്ടത്തെയും അപകൃഷ്ടത്തെയും ചൂണ്ടിക്കാണിച്ച് അവയ്ക്ക് നന്മയോടും തിന്മയോടുമുള്ള ബന്ധത്തെ മനസ്സിലാക്കി ജീവിതസമരത്തിൽ വിജയികളാകുവാൻ വേണ്ടതഴക്കവും പഴക്കവും നമുക്കുണ്ടാക്കിത്തരുകയാണല്ലോ ചരിത്രം ചെയ്യുന്നത്. ഈ കൃത്യനിർവ്വഹണത്തിൽ ചരിത്രത്തിന് സഹായിച്ചാരാ അനിഷ്ടാർത്ഥമായി... അതു പ്രധാനേന ബഹുമാന ഹാസങ്ങളെ നമ്മിൽ അങ്കുരിപ്പിക്കുന്നു.

ലോകത്തിലെ അവതാരപുരുഷന്മാർ മഹാന്മാരാണ്. ക്രിസ്തുദേവൻ മഹാന്മാർ ഉപ്പിനോട് ഉപമാനന്മാരാണെന്നു പറയുന്നു. ('Ye are the salt of the earth') 'നിങ്ങൾ ഭൂമിയിൽ ലവണമാണ്'. നൈസർഗ്ഗികമായി അതിനുള്ള ശക്തികൊണ്ട് ഉപ്പ് ചീഞ്ഞുപോകാത്തതു മാത്രമല്ല, ചീഞ്ഞുപോകുന്ന മററു വസ്തുക്കളെ രക്ഷിക്കുകൂടി ചെയ്യുന്നു. മഹാന്മാരുടേയും സ്ഥിതി ഇതു തന്നെ. അവർ തങ്ങൾക്കുള്ള ദിവ്യശക്തിയുടെ സഹായത്താൽ ആത്മത്രാണവും പരത്രാണവും സാധിക്കുന്നു. ... ചൈതന്യവും വർദ്ധിക്കുന്നു. ഇപ്രകാരം അവർ പരോപകാരം ചെയ്യുന്തോറും അവരുടെ ... മഹാന്മാരുടെ ജീവിതം ലോകരുടേതാണ്. അവർ ലോകരുടെ നന്മക്കും തിന്മക്കും വേണ്ടി പ്രാണനെ ആഹുതി ചെയ്യുന്നു. ... കളെ സംഹരിച്ചുകൊണ്ടു സ്വാർത്ഥലോലുപന്മാരായി, ഐഹികസുഖാനുഭൂതിക്കു വേണ്ടി സാധാരണന്മാരുണ്ടോ പരമോൽകൃഷ്ടമായ ... നിന്ദ്യമായ നികൃഷ്ടജീവിതം നയിക്കുന്നു! ദുഷ്ക്രിയകളുടെ സന്തതിയായ ദുരിതവും, അവരുടെ ശക്തിവിശേഷത്തെ പ്രാപിക്കുന്നു! ജന്യമായ അതൃപ്തിയും, അജ്ഞാനോൽഭൂതമായ അസമാധാനവും, സ്വാർത്ഥതല്പരതയുടെ ഫലമായ ദുഃഖവും പൂണ്ട് അവർ അധഃപതിക്കതന്നെ ചെയ്യും.

ക്രിസ്തുദേവൻ തന്റെ ജീവിതത്തെ ബലികഴിക്കുന്നതും ലോകത്തിലുള്ള പാപികൾക്കു വേണ്ടിയാണല്ലോ. പരമാരപ്രവേശനമഹാപാപത്തിൽനിന്നും അലാവുദ്ദീൻ കിൽജിയെ രക്ഷിക്കുന്നതിനുവേണ്ടി ചിറ്റോറിലെ പതിവ്രതാമണികൾ ആത്മാവിനെ അനലനിൽ അർപ്പിച്ചു. ബ്രഹ്മവേഷധാരിയായ സുരനാഥന്റെ കബളത്തടക്കുന്നതിനും ശരണാഗതനായ മായാപ്രാവിനെ രക്ഷിക്കുന്നതിനുംവേണ്ടി ധർമ്മകർമ്മത്തിൽ കുന്നിനെക്കൂടി പരാജിതനാക്കുന്ന ശിബിമഹാരാജാവ് ... സങ്കോചംകൂടാതെ തന്റെ ദേഹത്തിൽ നിന്നു മാംസം ഖണ്ഡം ഖണ്ഡമായി മുറിച്ചുകൊടുത്തു. ഇങ്ങനെയുള്ള മഹാത്മാക്കൾ മഹാന്മാർ അവർക്കുവേണ്ടിയല്ല ജീവിച്ചിരിക്കുന്നതെന്നും അന്യരുടെ രക്ഷയ്ക്കായിട്ടാണെന്നും വിളിച്ചുപറയുന്നു.

ഏതാദൃശന്മാരായ വീരപുരുഷന്മാരെ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതു നമ്മുടെ കടമയല്ലേ, ധർമ്മമല്ലേ, ജീവിതോദ്ദേശമല്ലേ? മരണത്തിനു ശേഷവും അവരുടെ ഈ ശക്തി അനശ്വരമായിത്തന്നെയിരിക്കും. ആ ചൈതന്യം നമ്മിൽ പകരുവാൻ ധ്യാനത്തിനു ശക്തിയുണ്ട്. ഈശ്വരപൂജ, ഉപാസന, സ്തോത്രോച്ചാരണം മുതലായവക്ക് നമ്മുടെ ഹൃദയത്തെ കലക്കിത്തെളിച്ച് ശുദ്ധീകരിപ്പാനുള്ള ശക്തിയുള്ളതുകൊണ്ടാണ് നാം നിത്യവും അപ്രകാരം ചെയ്യണമെന്ന് വിജ്ഞന്മാർ ഉപദേശിക്കുന്നതു്. കണ്ണടച്ച്, അഞ്ജലീബന്ധം ചെയ്ത് ധ്യാനമഗ്നരായി ഏതാനും സമയം കഴിച്ചുകൂട്ടിയതിനു ശേഷം മരണത്തെക്കൂടി വരിക്കുവാൻ വേണ്ട ശക്തി രാജാകേശവദാസിന്റെ അനന്തിരവന്മാരും, നിർഭയാഷികളും ആയ ഇരയിമ്മൻ തമ്പിക്കും പത്മനാഭൻതമ്പിക്കും ലഭിച്ചതായി തിരുവിതാംകൂർചരിത്രത്തിലെ സുപ്രസിദ്ധമല്ലാത്ത ചില ഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നു. 'തങ്ങളുടെ മാതുലനായ ആ പുരുഷകേസരിയുടെ സ്മരണ അവരുടെ ദേഹത്തിൽ വൈദ്യുതപ്രവാഹം പോലെ കടന്നു. ശാരീരികപീഡകളെ തൃണവൽഗണിക്കത്തക്ക ശക്തിയോടുകൂടിയ ഒരു ആത്മാവ് അവർക്കുണ്ടെന്ന് അവരുടെ രോമാഞ്ചം വെളിപ്പെടുത്തി. പ്രതാപസിംഹന്റെ അന്യാദൃശമായ ധൈര്യം, വേലുത്തമ്പിയുടെ കൂസലില്ലായ്മ, വിവേകാനന്ദന്റെ സ്വദേശസ്നേഹം, മഹാത്മഗാന്ധിയുടെ ധർമ്മനിഷ്ഠ, രാമയ്യന്റെ സ്വാമിഭക്തി, അരുന്ധതിയുടെ പാതിവ്രത്യം, സീതയുടെ ക്ഷമാശീലം, സുഭദ്രയുടെ ധീരത, സാവിത്രിയുടെ സാമർത്ഥ്യം എന്നിവ ഏതു മനുഷ്യനെയാണ് അഭിമാനപരതന്ത്രനാക്കാത്തതു്? അവരെപ്പറ്റിയുള്ള സ്മരണ നമ്മിൽ പുതിയ ശക്തിയെ പകരുന്നു.

(1) വേലുത്തമ്പിയുടെ ഉൽക്കർഷേച്ഛയാൽ മൃതിയുടെ വക്ത്രത്തിൽപ്പെട്ട ഈ സോദരന്മാരുടെ കഥ ഭയാനകമാണ്. ഇവരുടെ ശിരച്ഛേദം ചെയ്തശേഷം ക്ഷതത്തിൽ നിന്ന് രക്തം പുറപ്പെട്ടില്ലപോൽ. തിരുവനന്തപുരം കോട്ടയുടെ പടിഞ്ഞാറുവശത്തുവച്ചാണ് ഈ കൃത്യം നടത്തപ്പെട്ടതെന്ന് ഊഹിച്ചുവരുന്നു.

ഈ കാരണം കൊണ്ടാണ് കേരളത്തിൽ പുരാതനകാലം മുതൽക്കു കാരണവന്മാരെ പൂജിച്ചു വന്നിരുന്നതു്. ഭവനത്തിന്റെ അടുത്തു് വൃത്തിയായും ശുദ്ധമായും ഒരു സ്ഥലമുണ്ടാക്കി, പരേതന്മാരായ കാരണവന്മാരെ സ്ഥാപിച്ച്, നിത്യവും വിളക്കുവെച്ച്, നിവേദ്യം കഴിച്ചുവന്നിരുന്ന ഭവനങ്ങളുടെ ഐശ്വര്യം ഒന്നു വേറെതന്നെ ആയിരുന്നു. ഭവനങ്ങളിൽ ആഘോഷമുണ്ടാകുന്നസമയങ്ങളിലെല്ലാം ഈ കൊട്ടിൽ അലങ്കരിക്കുകയും അതിലുള്ള കാരണവരെ വിശേഷപൂജകളാൽ സന്തോഷിപ്പിക്കുകയും പതിവായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിയോ? ഈശ്വരാരാധന തന്നെ നാമമാത്രമായിത്തീർന്നിരിക്കുന്ന ഇക്കാലത്തു് വീരന്മാരെ പൂജിക്കണമെന്നുപറഞ്ഞാൽ പരിഷ്കാരികളുടെ കണ്ണിന് ഉരുക്കിയ ഇരുമ്പായിത്തീരുന്നതാണ്. ഹിന്ദുവാകട്ടെ ക്രിസ്ത്യാനിയാകട്ടെ തന്റെ മതം ശരിയായി അനുഷ്ഠിക്കുന്നവൻ ഇന്ന് ആരുണ്ട്? ഇംഗ്ലണ്ടിൽ ഷേക്സ്പിയർ, നെൽസൻ മുതലായവരെ ഇന്നും ജനങ്ങൾ പൂജിച്ചുവരുന്നു. വെല്ലിങ്ടനെപ്പറ്റിയുള്ള ടെന്നിസന്റെ ഗാനം (O de on the death of the Duke of Wellington') ജനങ്ങൾ ഇന്നും ഇരുനേരവും പാടുന്നു. ശിവാജിയും, പ്രതാപസിംഹനും, സാംഗറാണാവും ആംഗ്ലേയരുടെ സഹായമില്ലെങ്കിൽ ഇന്നു നമ്മുടെ സ്മൃതിപഥത്തിൽ എത്തുമായിരുന്നോ? അല്ലയോ ഭാരതീയരെ! നിങ്ങളുടെ അഭ്യുദയം നിങ്ങളുടെ ശക്തിയെ ശരിയായി അറിയുന്നതിനു സഹായിക്കുന്ന പൂർവ്വികന്മാരുടെ സ്മരണയിലും പൂജയിലുമാണ് ഇരിക്കുന്നതെന്ന് ഓർക്കുവിൻ.

---

# റാണി ഗംഗാധരലക്ഷ്മി

## ഒരു വിമർശനം

(Narain Keshal Tunnar Class ii)

"പദ്യത്തിലെ ചൊല്ലുറതെല്ലാം ശ്ലോകമോ?" എന്നു "ചക്കീചങ്കര"ത്തിലെ ശാസ്ത്രികൾ ചോദിച്ചിട്ടു സംവത്സരം പത്തിരുപതു കഴിഞ്ഞിരിക്കുന്നു. അതിനുശേഷം ഭാഷാസാഹിത്യം പല വികടസന്ധികളേയും തരണംചെയ്തുകഴിഞ്ഞിട്ടുണ്ട്. പല പ്രസ്ഥാനങ്ങളിലും ഭാഗഭാക്കായിട്ടുണ്ട്. എന്നാൽ അവയിൽ ഒന്നുംതന്നെ "നോവലെഴുത്തി"നെപ്പോലെ സാഹിത്യസമുച്ചയത്തെ പോഷിപ്പിക്കുകയും ക്ഷീണിപ്പിക്കുകയും ചെയ്തിട്ടില്ല. രസികാഗ്രേസരനായിരുന്ന കേസരിയുടെ ഗർജ്ജനം വെറും വനരോദനമായിട്ടാണു കലാശിച്ചതു്. 'പുളുമഴപെയ്യുമ്പോൾ. ഈ

ത്തിൽ ഏഴുകുന്നതുപോലെ' നോവലുകൾ പുത്തൻ പുത്തനായി ഇപ്പോഴും പുറത്തേക്കു വന്നുകൊണ്ടുതന്നെ ഇരിക്കുന്നു. പ്രത്യക്ഷമായ ലോകപരിചയവും, പ്രത്യേകമായ വാസനയും പ്രഫുല്ലമായ പാണ്ഡിത്യവും നോവലെഴുത്തിനു അത്യാവശ്യമാണെന്നു എല്ലാവർക്കും അറിയാവുന്നതുവരെ ഇത്തരം നോവലുകൾ വർദ്ധിച്ചുകൊണ്ടുവരുവാനേ മാർഗ്ഗമുള്ളു. കാററാടിയന്ത്രത്തോട ഏററടുത്തു പടവെട്ടി പരാക്രമം കാണിച്ച ഡാൺക്വിക്സാട്ടിനെക്കാൾ കൂടുതൽ വിവേകബുദ്ധിയുള്ള നിരൂപകന്മാർക്കു ആർക്കും ഇവയെ നിരൂപണം ചെയ്യേണ്ട ഗൌരവം ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ വിമർശനവിഷയമായ 'റാണി ഗംഗാധരലക്ഷ്മി' ഗദ്യത്തിലും പദ്യത്തിലും പയററിപ്പരിചയിച്ച ആവത്തൂർ അനുജൻ നമ്പൂതിരിപ്പാട്ടുതിരുമനസ്സിലെ ഒരു കൃതിയായതുകൊണ്ടും, ബഹുമാനപ്പെട്ട മദ്രാസ് സർവ്വകലാശാലാടെക്സ്റ്റ്ബുക്കുകമ്മിററിക്കാരുടെ അംഗീകരണത്തിനു പാത്രീഭൂതമായിട്ടുള്ളതുകൊണ്ടും ഭാഷാഭ്യുദയകാംക്ഷികളിൽ ഏവരുടേയും ശ്രദ്ധയെ ആകർഷിക്കേണ്ട ഒരു ഗ്രന്ഥമാണ്.

കൊച്ചിരാജ്യചരിത്രവിഷയമായി രചിക്കപ്പെട്ടിട്ടുള്ള നോവലുകളിൽ അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണ് ഇതിനുള്ളത്. പറങ്കികൾ, ലന്തക്കാർ മുതലായ പാശ്ചാത്യവണിക്കുകന്മാർ കേരളത്തിൽ വന്നു പാണ്ടികശാലകളും കോട്ടകൊത്തളങ്ങളും ഉറപ്പിക്കുവാൻ ശ്രമിച്ചിരുന്ന പതിനേഴാം നൂററാണ്ടിലെ മദ്ധ്യദശയാണ് കഥ നടന്നതായി സങ്കല്പിക്കപ്പെട്ടിരിക്കുന്ന കാലം. അന്നു കൊച്ചിരാജ്യം ഭരിച്ചിരുന്നത് വയോധികയും വിഗതസന്താനയുമായ റാണി ഗംഗാധരലക്ഷ്മിയായിരുന്നു. അവരുടെ കാലശേഷം കിരീടാവകാശിയായി ആ താവഴിയിൽ (ഇളയതാവഴി) ആരുംതന്നെ ഉണ്ടായിരുന്നില്ല. പണ്ടത്തെ പതിവനുസരിച്ച്, മൂത്തതാവഴി, പള്ളുരുത്തിത്താവഴി, ചാഴൂർ താവഴി* എന്നീ മൂന്നു വംശവിഭാഗങ്ങളിൽ കൂടുതൽ മൂപ്പുള്ള ആൾക്കായിരുന്നു വാഴ്ചയേല്പിക്കേണ്ടിയിരുന്നത്. ഈ മാർഗ്ഗം അനുസരിച്ചു കുറെ നാളായി ആരും പ്രവർത്തിക്കാറില്ലായിരുന്നുവെങ്കിലും, ഇളയതാവഴിയിലെ "കററിമടിഞ്ഞപ്പോൾ" പ്രകൃത്യാ ശാന്തയും, ഈശ്വരവിചാരനിരതയുമായിരുന്ന റാണി പണ്ടത്തെ പതിവനുസരിക്കുവാൻ തീർച്ചയാക്കി, മൂത്തതാവഴിത്തമ്പുരാനെ ദത്തെടുത്തു. രണ്ടു മൂന്നു വർഷത്തേക്ക് [illegible]റവും, അദ്ദേഹത്തിന്റെ അനുജൻ കേരളവർമ്മത്തമ്പുരാനും റാണിയോന്നിച്ചു കൊച്ചിക്കോവിലകത്തു താമസിച്ചു ഭരണം നടത്തിപ്പോന്നു. അന്ന്, അനുജൻതമ്പുരാൻ, അഞ്ചിക്കൈമൾമാരിൽ പ്രധാനിയായ ഇട്ടിക്കുമാരൻ കയ്മളുടെ മരുമകളും, രാജ്ഞിയുടെ വാത്സല്യഭാജനവും ആയ ഉണ്ണിമായയെ കോവിലകത്തു സംസ്കൃതം വായിക്കുവാൻ വന്നുകൊണ്ടിരുന്നപ്പോൾ കണ്ടു പരിചയപ്പെടുകയും, അവരുടെ പരിചയം കാലാന്തരത്തിൽ പ്രണയമായി പരിണമിക്കുകയും ചെയ്തു. എന്നാൽ "ഈടാർന്ന പാച്ചോരനുരാഗനദിക്കവിഘ്നം കൂടാതൊഴുകുന്നു വദിക്കുകയില്ല ...വം" എന്ന തത്ത്വം അവിടേയും അനുഭവപ്പെട്ടു.

മൂത്തതാവഴിത്തമ്പുരാന്റെ അന്യാദൃശമായ കാര്യശേഷി, രാജ്ഞിയുടെ വിശ്വസ്തസേവകനും മന്ത്രിയുമായിരുന്ന രാമണക്കോവിലിന്റെ അസൂയാസങ്കലമായ അപ്രീതിക്കും, സാമൂതിരിയോട് പാരമ്പര്യമായി സിദ്ധിച്ചിരുന്ന വേഴ്ച പറങ്കിക്കച്ചവടക്കാരുടെ പരമവിരോധത്തിനും അദ്ദേഹത്തെ പാത്രമാക്കിത്തീർത്തു. തൽഫലമായി രണ്ടു മൂന്നു വർഷത്തിനകം അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. പ്രതികാരേച്ഛുവായ കേരളവർമ്മതമ്പുരാൻ മൂപ്പിലെ അനുമതിയോടുകൂടി [illegible]നാട്ടു ചെന്നു അയോധ്യാഭ്യാസത്തിൽ അദ്വിതീയമായ പാടവം സമ്പാദിച്ചതിനുശേഷം, സ്വപക്ഷബലം വർദ്ധിപ്പിക്കുവാൻവേണ്ടി ദേശസഞ്ചാരം ചെയ്തുകൊണ്ടിരുന്നപ്പോൾ പറങ്കികളുടെ ജന്മശത്രുക്കളായ ലന്തക്കാരുമായി പരിചയപ്പെടുവാനും, അവരുടെ സഹായം സ്വീകരിക്കുവാനും ഇടയായി.

ഇക്കാലത്തു കൊച്ചിയിലെ ഭരണത്തിലും ചില മാററങ്ങൾ വന്നുതുടങ്ങിയിരുന്നു. രാമണക്കോവിലിന്റെ പ്രേരണയും, പറങ്കികളുടെ ഉപദേശവും അനുസരിച്ച്, പറങ്കികളുടെ മിത്രങ്ങളായിരുന്ന വെട്ടത്തുതമ്പുരാക്കന്മാരിൽനിന്നു രാമവർമ്മ, വീരകേരളൻ, വീരരാഘവൻ, ഗോദവർമ്മ എന്നീ നാലു പേരെ റാണി ഗംഗാധരലക്ഷ്മി മനമില്ലാമനസ്സോടെ ദത്തെടുത്തു. ഈ സംഭവം രാമണക്കോവിലിന്റെ പ്രാബല്യത്തെ ശതഗുണീഭവിപ്പിക്കുകയും, കാലങ്ങളായി കൊച്ചിരാജ്യത്തെ മന്ത്രിസ്ഥാനം വഹിച്ചിരുന്ന പാലിയത്തച്ചന്മാരുടെ പ്രതാപത്തിനു അല്പം ഇടിവുതട്ടിക്കുകയും ചെയ്തു. അവിടുത്തെ കാരണവരായിരുന്ന കോമിഅച്ചൻ ...

* മുറിഞ്ഞൂർത്താവഴി ഇതിനു മുമ്പുതന്നെ അന്യംനിന്നു ഇളയതാവഴിയിലേക്കു ചേർന്നിരുന്നു.

മൂപ്പിലെ കക്ഷിക്കാരനായിരുന്നു. ഇപ്പോൾ "കൂറവിടേയും, ചോറിവിടേയും" എന്ന നിലയിൽ കൂടിയിരിക്കയാണു്. ഗോദവർമ്മതമ്പുരാൻ ഇശത്തുകയ്മളുടെ മരുമകൾ ഉണ്ണിമായയെ സംബന്ധംചെയ്തു പ്രഭുക്കന്മാരെ പാട്ടിൽപ്പിടിക്കുവാൻ പണിതുടങ്ങിയപ്പോൾ കാര്യം നല്ല പണിയല്ലെന്നു അച്ചനും തോന്നിത്തുടങ്ങി. ചേററക്കുളം ഭട്ടതിരിയുടെ അപേക്ഷയും, ഉണ്ണിമായക്കു കേരളവർമ്മതമ്പുരാനോടുള്ള അനുരാഗവും കൂടി അറിഞ്ഞപ്പോൾ ആ ആപൽഘട്ടത്തിൽ ഉണ്ണിമായയെ സഹായിക്കാതിരിക്കുവാൻ തരമില്ലെന്നായി. അങ്ങിനെ അദ്ദേഹത്തിന്റെ അറിവോടും ചേററക്കുളത്തിന്റെ സഹായത്തോടും കൂടി ഉണ്ണിമായ സ്വന്തം ഗൃഹത്തിൽനിന്നു രക്ഷപ്പെട്ടു തൃശ്ശിവപേരൂർ കോവിലകത്തു അഭയംപ്രാപിച്ചു. എന്നാൽ കോമിയച്ചന്റെ നിലയെക്കുറിച്ചുള്ള ആശങ്കനിമിത്തം അവിടെ ഉദ്ദേശിച്ചിരുന്നതുപോലുള്ള രക്ഷ ലഭിച്ചില്ല. അതിനാൽ ഉണ്ണിമായയും അവരെ അനുഗമിച്ചിരുന്ന ചേററക്കുളത്തു ഭട്ടതിരിയുംകൂടി ഉടൻതന്നെ പാലിയത്തച്ചന്റെ ബന്ധുഗൃഹമായ ചിങ്ങപുരത്തേക്കു തിരിച്ചു. തൃശ്ശൂർ ക്ഷേത്രത്തിൽ ഭജനത്തിനു വന്നവരെന്ന നാട്യത്തിൽ അവിടെ തല്ക്കാലം താമസമുറപ്പിച്ചു.

വിവാഹവിഘ്നംമൂലം നിരാശയനും നിരുത്സാഹനുമായിത്തീർന്ന ഗോദവർമ്മതമ്പുരാനാകട്ടെ, അപവാദം ഭയന്നു കൊടുങ്ങല്ലൂർകോട്ടയിലേക്കു താമസം മാററി. അവിടേയും കാമ്യമായ മനസ്സുഖം ലഭിച്ചില്ല. അങ്ങിനെയിരിക്കുമ്പോഴാണു തന്റെ അവമാനത്തിന്നെല്ലാം കാരണഭൂതൻ പാലിയത്തച്ചനാണെന്നൊരു സംശയം ജനിച്ചതു്. അതോടുകൂടി അദ്ദേഹത്തിന്റെ മനഃശല്യം പ്രതികാരബുദ്ധിയായി പരിണമിച്ചു. ചതിയനെ ചതികൊണ്ടുതന്നെ അമർത്തണമെന്നു നിശ്ചയിച്ചുറക്കുകയും ചെയ്തു. രാമണങ്കാവിലുമൊരുമിച്ചു് പാലിയത്തച്ചനെ ഉടൻ കൊടുങ്ങല്ലൂർ കോട്ടയിലേക്കു അയക്കുവാൻ രാമവർമ്മതമ്പുരാന്റെ പേർക്കു അദ്ദേഹം അയച്ച കുറി, വാസ്തവത്തിൽ, ഉർവ്വശീശാപംപോലെ ഉപകാരമായിട്ടാണു തീർന്നതു്. രാമവർമ്മതമ്പുരാനെ തല്ക്കാലം വിട്ടുപിരിയുവാനും, ഉണ്ണിമായയുടെ സ്ഥിതിഗതികളറിവാനും കൂടി സാധിക്കാതെ വല്ലംകറങ്ങുന്ന അവസരത്തിലാണു കൊടുങ്ങല്ലൂർക്കു ചെല്ലുവാൻ കല്പന ഉണ്ടായതു്. അങ്ങോട്ടു തിരിക്കുന്നതിനു മുമ്പു ലഭിച്ച ഒരാഴ്ചത്തെ സാവകാശത്തിനിടയിൽ, ഭട്ടതിരിയെ കാണുവാനും വിവരങ്ങൾ സവിസ്താരമായിട്ടറിയുവാനും സംഗതിയായി. പെരുമ്പടപ്പു മൂപ്പിന്നു തന്റെ ഉദ്ദേശങ്ങളേയും പ്രവൃത്തികളേയും തെററിദ്ധരിച്ചിരിക്കുന്നുവെന്നു മനസ്സിലായപ്പോൾ അച്ചനു അതിരററ മനസ്താപമുണ്ടായി. മുഖംകാണിച്ചു യാഥാർത്ഥ്യമറിയിക്കുവാനുള്ള ശ്രമവും വ്യർത്ഥമായിക്കലാശിച്ചു. ഇനി പ്രവൃത്തികൊണ്ടല്ലാതെ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ നിവൃത്തിയില്ലെന്നുറച്ചു് അതിനു വേണ്ട ഉദ്യമങ്ങൾ തുടങ്ങി. കൊടുങ്ങല്ലൂർകോട്ടയുടെ യഥാർത്ഥാവകാശിയായ തമ്പുരാനെ ഇളക്കി ആ കോട്ടയെ ഗോദവർമ്മയിൽനിന്നു വീണ്ടെടുക്കുവാൻ സന്നദ്ധനാക്കി. അക്കാര്യത്തിൽ സഹായിക്കുവാൻ സൈന്യസന്നാഹം ചെയ്യുന്നതിനുവേണ്ടി വൈപ്പിനിൽ ചെന്നിരുന്നപ്പോൾ അവിടെ ആയിടക്കു കപ്പലിറങ്ങിയിരുന്ന ലന്തക്കാരേയും, അവരുടെ പിടിബന്ധി എന്ന നിലയിൽ വച്ചിരുന്ന കേരളവർമ്മതമ്പുരാനെയും കണ്ടുമുട്ടി. മൂപ്പിലേക്കു ഗുണപ്രദമായ വിധത്തിൽ ലന്തക്കാരുമായി ഒരുടമ്പടി ചെയ്യുകയും ചെയ്തു. പ്രതികാരേച്ഛകൊണ്ടു അന്ധനായിത്തീർന്നിരുന്ന ഗോദവർമ്മതമ്പുരാന്റെ ഒഴിച്ചുകൂടാത്ത വിധത്തിലുള്ള നിർബ്ബന്ധം അനുസരിച്ചു അച്ചൻ കൊടുങ്ങല്ലൂർക്കു ചെന്നു. അവിടെ അസ്വാതന്ത്ര്യമായിരുന്നു അദ്ദേഹത്തെ കാത്തിരുന്നതു്.

എന്നാൽ ഈ ബന്ധനം അധികകാലം നിലനിന്നില്ല. ലന്തക്കാർ ആ കോട്ടയെ ആക്രമിച്ചതരത്തിൽ കോമിയച്ചൻ പുറത്തുകടന്നു രക്ഷപ്പെടുകയും, കോട്ട കൈവശപ്പെടുത്തുന്നതിൽ അവരെ സഹായിക്കുകയും ചെയ്തു. ഗോദവർമ്മരാജാവും പറങ്കിപ്രമാണികളും രക്ഷപ്പെട്ടു. പാലിയത്തച്ചൻ യുദ്ധത്തിനിടക്കു ചെയ്തുകൊടുത്ത ഒത്താശകളേയും, ലന്തക്കാരുമായി ചെയ്തിരുന്ന ഉടമ്പടയേയുംപററി അനുജൻ തമ്പുരാൻ മുഖാന്തരം അറിയുവാനിടയായപ്പോൾ പാലിയത്തച്ചനെക്കുറിച്ചു മൂപ്പിലേക്കുണ്ടായിരുന്ന തെററിദ്ധാരണ നീങ്ങി. ഒട്ടുംതന്നെ താമസിക്കാതെ പെരുമ്പടപ്പുമൂപ്പിന്നും, അദ്ദേഹത്തിന്റെ സഹായത്തിനു എത്തിയിരുന്ന സാമൂതിരിയും ലന്തക്കാരുംകൂടി കൊച്ചിക്കോട്ടപിടിക്കുവാനുള്ള ശ്രമം തുടങ്ങി. എതിർത്തുനില്ക്കുവാനുള്ള ഉദ്യമത്തിൽ അവിടെയുണ്ടായിരുന്ന ഒത്തർ തമ്പുരാക്കന്മാർ മൂന്നുപേരും മൃതിപ്പെട്ടു. ഈ വിവരം അറിഞ്ഞപ്പോൾ ക്രോധവും വാശിയും പൂർവ്വാധികം വർദ്ധിച്ച ഗോദവർമ്മതമ്പുരാൻ തെക്കൻനാട്ടുരാജാക്കന്മാരുടെയും ഇശത്തുകയ്മൾ മുതലായ പ്രഭുക്കന്മാരുടെയും സഹായത്തോടുകൂടി ഒരു ഭീമമായ സൈന്യം ശേഖരിച്ചു കൊച്ചി വളഞ്ഞു. പട്ടണം പട്ടിണിയായപ്പോൾ റാണി ഗംഗാധരലക്ഷ്മി, പെരു

ഡടപ്പുമൂപ്പിൽ, കേരളവർമ്മ, പാലിയത്തച്ഛൻ മുതൽപേർ കൊടുങ്ങല്ലൂർക്കും, യഥാകാലം ഏൽ കൊള്ളാമെന്ന കരാറിന്മേൽ ലന്തക്കാർ കൊച്ചിമ്പിയ്ക്കും പിൻമാറി.

ഗോദവർമ്മതമ്പുരാൻ വീണ്ടും, "ഗോഷ്ഠി"നാഥനായപ്പോൾ, ഇത്തുകയ്യരുടെ പ്രതാപവും, പണ്ടത്തെ വിവാഹാലോചനയും ആവർത്തിച്ചു. എന്നാൽ ഈ വേഷ്ടയും ശിലാസ്ഥാപനം ചെയ്ത രാമണക്കോവിൽ, കയ്യരുടെ ഉയർച്ച കണ്ടു സഹിക്കവഹിയാതെ അകാലമൃതിയടഞ്ഞുപോയി. ഇശത്തുകയ്യർ ഇതിനു എത്രയോ മുമ്പുതന്നെ കിട്ടൻപട്ടർ എന്നൊരു ഒരാഗ്രഹിയേന ഉണ്ണിമായയെ ചിങ്ങപുരത്തുനിന്നും തട്ടിക്കൊണ്ടുപോരുവാൻ ചെയ്ത സൂത്രം വേണ്ടുന്നായി നടന്നിരുന്ന കേരളവർമ്മതമ്പുരാന്റെ മിടുക്കുമൂലം നിഷ്ഫലമായി പരിണമിച്ചിരുന്നു. സകാമുകഹസ്തത്താൽ മോചിതയായ ആ സ്ത്രീരത്നം ചിറമേൽ കോവിലകത്താണ് ഈ സമയത്ത് താമസിച്ചിരുന്നത്. അവിടെനിന്നും വീണ്ടുകൊണ്ടുപോരുവാൻ കയ്യരും ഗോദവർമ്മയും കൂടി ചെയ്ത ശ്രമം വിചാരിച്ചിരുന്നതിലധികം എളുപ്പത്തിൽ ഫലിച്ചു. എങ്കിലും ഉണ്ണിമായ ഗോദവർമ്മതമ്പുരാന്റെ ആഗ്രഹങ്ങൾക്കു വഴിപ്പെടായ്കയാൽ, കൊച്ചിക്കോവിലകത്തെ ഒരു മുറിയിൽ, കയ്യരുടെ സുഗ്രീവാജ്ഞപ്രകാരം, അടയ്ക്കപ്പെട്ടു.

ലന്തക്കാർ ഉളിക്കുസമയത്തു പ്രത്യാഗമിച്ചു കാണാതിരുന്നതിനാൽ, 'റാണി' ഗംഗാധരലക്ഷ്മിയെ തൃശ്ശിവപേരൂർ കോവിലകത്തു കൊണ്ടുചെന്നാക്കിയിട്ട് മൂപ്പിൽ മുതൽപേർ കൊടുങ്ങല്ലൂർക്കു യാത്രയായി. അവിടെനിന്നും പത്തുപന്ത്രണ്ടു പടക്കപ്പലുകളോടുകൂടി തിരിച്ചു വരവേ വഴിയിൽ മൂപ്പിന്നു ജ്വരബാധിതനായി ചരമഗതിയെ പ്രാപിച്ചു. ഈ സംഭവം നിമിത്തം രാജ്യാവകാശിയായിത്തീർന്ന കേരളവർമ്മതമ്പുരാൻ, ഒരു ഭയങ്കര യുദ്ധത്തിനു ശേഷം കൊച്ചിക്കോട്ട പിടിച്ചടക്കുകയും, ഗോദവർമ്മതമ്പുരാൻ കൊച്ചിയിൽനിന്നു എന്നെന്നേക്കുമായി വിട്ടുപിരിയുകയും ചെയ്തു. ഉണ്ണിമായ തടവുമുറിയിൽനിന്നു രക്ഷപ്പെട്ട്, തമ്പുരാന്റെ ശുശ്രൂഷ ചെയ്തു സന്തോഷമനുഭവിച്ചു. റാണി ഗംഗാധരലക്ഷ്മിയെ തൃശ്ശിവപേരൂർനിന്നു ആഡംബരപൂർവ്വം എതിരേററു കൊണ്ടുപോന്നു. ലന്തക്കാരുടെ ആഗ്രഹപ്രകാരം നടത്തിയ ഒരു ഡർബാറിൽ രാജ്ഞിയും സന്നിഹിതയായിരുന്നു. അവിടെവെച്ച് ലന്തക്കാർ തമ്പുരാനു കനകമയമായ ഒരു കിരീടം സമ്മാനിക്കുകയും, റാണി അദ്ദേഹത്തെ വഴിപോലെ അനുഗ്രഹിക്കുകയും ഉണ്ടായി. രാജ്യാഭിഷേകം വേണ്ടവിധത്തിലുള്ള എല്ലാ ചടങ്ങുകളോടുംകൂടി കേരളവർമ്മതമ്പുരാനെ ഇളയ താവഴിയിലേക്കു മുത്തു കയററി. അഭിഷേകവും താമസിയാതെ തന്നെ കഴിഞ്ഞു. ഉണ്ണിമായ നെത്യാരമ്മയായി, പാലിയത്തച്ഛൻ മന്ത്രിയായി, കയ്യരുശ്രൻ മിത്രമായി, ചേററക്കുറം, കൊട്ടാരത്തിലെ തേവാരിയുമായി. "റാണി ഗംഗാധരലക്ഷ്മി" സ്വസ്ഥമായി ഈശ്വരഭജനം ചെയ്തുകൊണ്ട് പേരനാൽ കൂടി ജീവിച്ചിരുന്നു."

ഈ പുസ്തകം രണ്ടോ മൂന്നോ തവണ ആവർത്തിച്ചാവർത്തിച്ചു വായിച്ചാലും കഥയിലെ ഓരോ ഭാഗങ്ങൾക്കും തമ്മിലുള്ള പൂർവ്വാപരബന്ധം മനസ്സിലാകുവാൻ പ്രയാസമുണ്ട്. കാരണം കഥാഗതിയുടെ ഗോപനമല്ല: കഥാഗതിയോടു പറയത്തക്ക ബന്ധമൊന്നുമില്ലാത്ത നിസ്സാര കാര്യങ്ങളുടെ വിവരണമാണ്. ചരിത്രത്തെ അവലംബിച്ചു നോവലെഴുതുന്ന ഒരു സാഹിത്യകാരൻ, കഥയ്ക്കു കൂടുതൽ ആകർഷണവും, ഗാംഭീര്യവും, രസവും കൊടുക്കത്തക്ക ചരിത്രാംശങ്ങളെ മാത്രമേ അതിലുൾപ്പെടുത്താവൂ. വേണ്ടതിലധികം ചരിത്രസംഭവങ്ങൾ കുത്തിച്ചെലുത്തിയാൽ കഥാഗതിക്കു തടസ്സവും, രസപ്രവാഹത്തിനു വിഘ്നവും നേരിടുമെന്നുള്ളതു നിശ്ചിതമാണ്. അതു മാത്രമല്ല, കല്പനാമയമായ രക്തമാംസാദികളുടെ അഭാവം നിമിത്തം തൽസ്വരൂപം ബീഭത്സമായി ഭവിക്കുകയും ചെയ്യും. 'റാണി ഗംഗാധരലക്ഷ്മി'യിൽ പക്ഷെ, "ഉണ്ണിമായോപാഖ്യാനം" ഒഴിച്ചുള്ള ഭാഗങ്ങളെല്ലാം "കൂട്ടുകൂടാത്ത" ചരിത്രം തന്നെയാണെന്നാണു തോന്നുന്നത്. ഇളയ താവഴി അന്യംനിന്നതിനാൽ ദത്തെടുക്കേണ്ടി വന്നതും മൂത്ത താവഴിത്തമ്പുരാക്കന്മാരുടെ പ്രേരണമൂലം സ്ഥാനഭ്രഷ്ടനാക്കിയതും, അവരുടെ ഉപദ്രവശമനാർത്ഥം പറവൂർ താന്നൂർ തമ്പുരാക്കന്മാരെ ദത്തെടുത്തതും, ആ രണ്ടു കൂട്ടർക്കും തമ്മിലുണ്ടായ വഴക്കും അതിന്റെ തൽസ്ഥാനകൈക്കും തമ്മിലുള്ള ബന്ധം എത്രയോ ശിഥിലമാണ്. അതിനു ഉണ്ണിമായാ—കേരളവർമ്മമാരുടെ അനുരാഗകഥ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നതു്. ഗോദവർമ്മരാജാവിനെ പ്രതിനായകനും, ആക്കിയതുകൊണ്ടു ഒരു പ്രയോജനവും സിദ്ധിച്ചിട്ടില്ല. കേരളവർമ്മതമ്പുരാനെ നായകനും, ഇട്ടിക്കുമാരൻ കയ്യർ, കോമിയച്ചൻ ഇവർ സേനാനായകന്മാർ—രാജ്യതന്ത്രജ്ഞന്മാർ എന്നിങ്ങനെ ലകളിലല്ലാതെ ഉണ്ണിമായയുടെ അമ്മാവൻ എന്നോ സഹായി എന്നോ ഉള്ള മട്ടിൽ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നില്ല. ചരിത്രസിദ്ധമായ കഥയും, സങ്കല്പസൃഷ്ടമായ കഥയും നെയ്തു ചേർക്കുവാൻ" ഗ്രന്ഥകാരനു സാധിച്ചിട്ടില്ലെന്നും, അവ രണ്ടു പ്രത്യേക കഥകളായിത്തന്നെ സ്ഥിതി

ചെയ്യുന്നു എന്നും ഉള്ളതാണ് പ്ലോട്ടിന്റെ പ്രധാന ദോഷം. പുസ്തകം വായിച്ചു തീരുന്നതുവരെ ജിജ്ഞാസ നിലനിർത്തിക്കൊണ്ടു പോകുവാൻവേണ്ടി കേരളവർമ്മതമ്പുരാനെ "മറയത്താക്കി" എന്നു വരികിലും ഉദ്ദേശം സഫലമായെന്നു പറഞ്ഞുകൂടാ. പരിണാമഗുപ്തിയുള്ള നോവലുകളിൽ ഒന്നായിട്ട് ഇതിനെ കണക്കാക്കാമോ എന്നു നിശ്ചയമില്ല. നിർവ്വഹണസന്ധിയിൽ അത്ഭുതരസം വരുത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സാധിച്ചിട്ടില്ലെന്നുള്ളതു തീർച്ച തന്നെ. ഏതായാലും, കേരളവർമ്മതമ്പുരാനെ രാജാവാക്കാൻവേണ്ടി ടിപ്പുവിനെ ഉതിപ്പെടുത്തിയതു ഒരു കൊലക്കുററം തന്നെയാണ്.

കഥാപാത്രങ്ങളുടെ കഥയും വ്യത്യസ്തമല്ല. മായാദീപപ്രദർശനത്തിൽ പ്രതിനിമിഷം പ്രത്യക്ഷീഭവിച്ചു തിരോഭൂതമാകുന്ന ചില ചിത്രങ്ങളെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ചലിച്ചുകൊണ്ടിരിക്കുന്നതല്ലാതെ അവയിലൊരെണ്ണമെങ്കിലും വ്യക്തിഗതമായ സത്തയോടുകൂടി സഹൃദയഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നില്ല. പുസ്തകം വായിച്ചു കഴിഞ്ഞാൽ പിന്നെ നാം കഥാപാത്രങ്ങളെ സ്മരിക്കുന്നേയില്ല. പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ പോലും കഥാപാത്രങ്ങൾ ചെയ്യുന്ന പ്രവൃത്തികളെപ്പററിയല്ലാതെ ആളുകൾ എന്ന നിലയിൽ അവരെപ്പററി വിചാരിക്കുന്നില്ല. നോവലെഴുത്തുകാരന്റെ കയ്യിൽ ഇരിക്കുന്ന വെറും പാവകളെപ്പോലെയാണു അവരുടെ ജീവിതവും പെരുമാററവും. പേരെടുത്ത നോവലെഴുത്തുകാരെല്ലാം ആദ്യമായി ചില പാത്രങ്ങളെ സൃഷ്ടിക്കുകയും കഥയെ അവരുടെ കയ്യിൽ സമർപ്പിക്കുകയും ആണു ചെയ്യുന്നതു്. നോവലിനുവേണ്ടി സൃഷ്ടിക്കപ്പെട്ട "പാത്ര"ങ്ങളാണെന്ന് ഒരിക്കലും തോന്നരുത്.

"മാർത്താണ്ഡവർമ്മ"യിലെ അനന്തപത്മനാഭന്റെ കരുവിലാണു "കേരളവർമ്മ"തമ്പുരാനെ വാർത്തെടുക്കുവാൻ നമ്പൂരിപ്പാടു ശ്രമിച്ചതെന്നു തോന്നുന്നു. ടിപ്പുവും താഞ്ചൂർ തമ്പുരാക്കന്മാരും തമ്മിൽ രാജ്യസംബന്ധമായുള്ള വഴക്ക്, ടിപ്പുവിന്റെ വിജയത്തിനുവേണ്ടിയുള്ള ഉത്സാഹം, വേഷംമാററം, വിദേശിയവണിക്സംഘവുമായുള്ള കൂട്ടുകെട്ടു, അവരുടെ ചിരാഭിലഷിതം ഇവയ്ക്കു പുറമെ ഉണ്ണിമായയോടുള്ള അനുരാഗം, യുദ്ധസാമർത്ഥ്യം, ചാരദൃഷ്ടി, അന്ത്യത്തിൽ അഭിലാഷസാഫല്യം എന്നിങ്ങനെ രണ്ടു കഥാപാത്രങ്ങൾക്കും സമാനധർമ്മങ്ങൾ ധാരാളം കാണുന്നുണ്ട്. പപ്പുത്തമ്പിയുടെ സ്ഥാനത്ത് പ്രതികൂലനായകനായി രംഗപ്രവേശം ചെയ്യുന്നതു ഗോദവർമ്മതമ്പുരാനാണ്. പാറുക്കുട്ടിയമ്മയ്ക്കു പകരം ഉണ്ണിമായയും, കാർത്ത്യായനിപ്പിള്ളയ്ക്കു പകരം ഉണ്ണികാളിയമ്മയും, സുന്ദരയ്യക്കു പകരം കിട്ടൻ പട്ടരും ഇതിലുണ്ട്. എന്നാൽ ഈ പാത്രങ്ങളിൽ ഒന്നും തന്നെ സി. വി. സൃഷ്ടികളോടു പ്രവൃത്തികളിലല്ലാതെ തന്മയത്വത്തിൽ യാതൊരു സാദൃശ്യവും വഹിക്കുന്നില്ല. ഗ്രന്ഥകാരന്റെ സങ്കല്പത്തിനും അനുഭവത്തിനും തമ്മിലുള്ള അന്തരമെന്തെന്നു കണ്ടുപിടിക്കുവാൻ കോമിയച്ചന്റെ സ്വഭാവത്തെ മാത്രം പരിശോധിച്ചാൽ മതി. ധൈര്യം, വീര്യം, പരാക്രമം, രാജഭക്തി മുതലായ ക്ഷത്രിയഗുണങ്ങൾക്കൊരു വിളനിലമായിട്ടാണു അദ്ദേഹത്തെ മനസ്സിൽ ലേഖനം ചെയ്തിരുന്നതെങ്കിലും, വാസ്തവത്തിൽ സ്വാർത്ഥപ്രിയനും, അസൂയാകലുഷിയും, വിശ്വാസഘാതകിയും, രാജനീതിപ്രകാരം വധ്യനായ ചാരനേക്കാൾ നിന്ദ്യനും ആയിട്ടാണു ഒരു പ്രഭു ഇതിൽ പ്രത്യക്ഷപ്പെടുന്നതു്.

റാണി ഗംഗാധരലക്ഷ്മിയുടെ പ്രധാന ഗുണം ഇതു അപണ്ഡിതന്മാർക്കും വായിച്ചു മനസ്സിലാക്കാമെന്നുള്ളതാണ്. "രീതിരാത്മാകാവ്യസ്യ" എന്ന വാമനവചനം പാടെ ഖണ്ഡിതമായിട്ടുണ്ടെങ്കിലും, രീതിക്കു കാവ്യസ്വരൂപത്തിൽ ഉള്ള പ്രാധാന്യം അപലപിക്കപ്പെട്ടിട്ടില്ല. വികാരങ്ങളെ ഉണർത്തുവാനും ഉയർത്തുവാനും വാചകരീതി എത്രമാത്രം ഉപകരിക്കുമെന്നു അറിയുവാൻ 'അക്ബറും' "മാർത്താണ്ഡവർമ്മ"യുമെങ്കിലും വായിച്ചിട്ടുള്ളവർക്കു സാധിക്കും. നിർവ്വികാരപരമായ കൃതികളിൽ പോലും വാചകങ്ങളുടെ ഐകരൂപ്യം ആശാസ്യമല്ല. എന്നാൽ "റാണി ഗംഗാധരലക്ഷ്മി"യിൽ ഐകരൂപ്യം വരാതിരിക്കുവാൻവേണ്ടി ചില സ്ഥലങ്ങളിൽ ഗ്രന്ഥകർത്താവു ശ്രമിച്ചിട്ടുള്ളതുകൊണ്ടാണ് അധികം തെററുകൾ അതിൽ സ്ഥലംപിടിച്ചതെന്നു തോന്നുന്നു.

"ചാഴൂർകോവിലകത്തു തന്നെ കോവിലകം വക ഒരു കൃഷിസ്ഥലം ഉണ്ടായിരുന്നു. അതു വളരെ വലിയതല്ലെങ്കിലും ഒരു കുടുംബത്തിനു..........ഒരൊന്നാന്തരം വീടായിരുന്നു."

"രാത്രിചന്ദ്രിക ഉണ്ടായിരുന്നെങ്കിൽ തന്റെ സകല സംശയങ്ങളും തീർക്കാമെന്നു അവർക്കു തോന്നാതിരുന്നില്ല."

"പാലിയത്തച്ചൻ അവിടവിടെ നടക്കുന്നതല്ലാതെ ഒരു ദിക്കിൽ അടങ്ങി ഒതുങ്ങിയിരുന്നില്ല."

എന്നിങ്ങനെയുള്ള വ്യാകരണവിരുദ്ധപ്രയോഗങ്ങളും,

"ഇശത്തേക്ക് പ്രത്യേകം ഒരാളെ അയച്ച് വിവരം അവിടെ അറിയിക്കുവാനും ഉണ്ണികാളി അമ്മയെ കൂട്ടിക്കൊണ്ടു വരുവാനും ഞാൻ ആളെ അയച്ചതു്" എന്നിങ്ങനെ വിലക്ഷണങ്ങളായ പൌനരുക്ത്യങ്ങളും,

"നാർണോന്മണിനു ചോറണോഥ കറിണോ കണ്ട്യാങ്ങണോ കൂപ്പണോ" വിനോദബന്ധുത്വം വഹിക്കുന്ന—"നേത്തെ, എവിടന്ന്, ഉടനെത്തന്നെ, ആയമ്മ, നടത്തില്ല, കറച്ചധികം പ്രത്യേകം തന്നെ ഉണ്ടായി, അവിടെനിന്നു താൻ പട ഒരുമിച്ചു വടക്കോട്ടാണു കേറിപ്പോയതു്" ഇത്യാദി—ദേശ്യപ്രയോഗങ്ങളും,

"തടസ്ഥം, തലയണ്ണ" ഇടങ്ങിയ അബദ്ധരൂപങ്ങളും ഈ ഗ്രന്ഥത്തിൽ സ്ഥലംപിടിച്ചിട്ടുണ്ട്. സന്ധ്യാസമയത്തു് തൊഴുവാൻ ചെന്നവർക്ക് തീർത്ഥവും പ്രസാദവും കിട്ടിയതായി നമ്പൂരിപ്പാട് വർണ്ണിച്ചിരിക്കുന്നതു ഇപ്പോഴത്തെ സ്ഥിതിക്കു ആശ്ചര്യമെന്നു പറയുവാനില്ല. കസ്തൂരിക്കുറി പൂർത്തിക്കു ഏകദേശം ഇരുനൂറു ആളുകളോളമേ വന്നിരുന്നുള്ളുവെങ്കിലും "നൂറുനൂററമ്പതു പറ അരി വെച്ചിരിക്കണ"മെന്നൂഹിച്ച കാരമംഗലം നമ്പൂരിപ്പാട്ടിലെ ബുദ്ധിയും അസാദ്ധ്യം" തന്നെ. വയോധികയും, ഈശ്വരവിചാരനിരതയുമായ റാണി ഗംഗാധരലക്ഷ്മിയുടെ അടുത്തിരുന്നു വെടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ "ചേററക്കുളത്തിന്റെ കാര്യം ഹാ മോശമായി. ഇന്നു കസ്തൂരിയുടെ വീട്ടിൽ ചെന്നപ്പോൾ അവിടെ ഒരുത്തിയെക്കണ്ടു. അവർ കണ്ടാൽ തരക്കേടില്ലെന്നു എനിക്കും തോന്നി. എന്തിനു പറയുന്നു! അതു മുതൽക്കു് അവർക്കൊരു മൌനമായിത്തീർന്നു" എന്നുള്ള കാരമംഗലത്തിന്റെ പ്രസംഗവും, "ഭേഷ്ടില്ലല്ലോ" എന്ന തമ്പുരാട്ടിയുടെ സാന്ത്വനവും ഔചിത്യബോധത്തിന്റെ മറുകര കടന്നവയാണു്.

സശ്രദ്ധം ഒന്നുകൂടി വായിച്ചാൽ ഇതുപോലെയുള്ള അബദ്ധങ്ങളും, അഭിപ്രായവ്യത്യാസങ്ങളും വേണ്ടതിലധികം ഉദ്ധരിക്കുവാൻ സാധിച്ചേക്കും. പക്ഷെ അവയെ ചൂണ്ടിക്കാണിക്കുന്നതു് അല്പം മര്യാദകേടല്ലേ എന്നുംകൂടി സംശയിക്കുന്നു. ബഹുമാനപ്പെട്ട മദിരാശി സർവ്വകലാശാലാ പാഠ്യപുസ്തകസമിതിക്കാർ സഹജമായ മഹാമനസ്കതയോടുകൂടി സമസ്താപരാധങ്ങളും പൊറുത്തു, ഇതിനെ പാഠ്യപുസ്തകമായി അംഗീകരിച്ചിരിക്കുന്ന സ്ഥിതിക്കു്, വിദ്യാർത്ഥികൾ കണ്ണുമിഴിച്ചിരുന്നു് ഉരുവിടുകയോ, ഉപന്യാസഗുളികകളാക്കി വിഴുങ്ങുകയോ ചെയ്യുകയല്ലാതെ "കുററവും കുറവും" പറയുവാനൊരുമ്പെടുന്നതു "ചെററം ചെത"മല്ലല്ലോ.

Printed and Published by C. V. Matthew, at the C. M. S. Press, Kottayam—1926.